## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *199

12.02.2020 ൽ മറുപടിക്ക്

### വ്യവസായ സൗഹൃദ സംസ്ഥാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. എം. സി. കമറുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** | | **ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വ്യവസായ സൗഹൃദ റാങ്കിംഗിൽ 21-ാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനത്തെ മുൻനിരയിൽ എത്തിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | രാജ്യത്തെ വ്യവസായ സൗഹൃദ റാങ്കിംഗിൽ കേരളത്തെ മുൻനിരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനു വേണ്ടി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്റ്റ് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്റ്റുകൾ |

| | | | |
|---|---|---|---|
| | | | പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019 -ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br><br>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും, ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിക്കുക വഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും.<br><br>2020 ജനുവരി 9,10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമായത് നിക്ഷേപ സമൂഹത്തിനെ ബോധ്യപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിൽ എത്ര വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിൽ ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാപദ്ധതികളും ഉൾപ്പെടുന്നു.<br><br>പ്രസ്തുത പ്രോജക്റ്റ് പ്രൊപ്പോസലുകളിലെ പദ്ധതികൾ പ്രാവർത്തികമാക്കുന്നത് സൂക്ഷ്മമായി നിരീക്ഷിക്കുവാൻ സർക്കാർ G.O.(Rt)No.105/2020/ID dated 04.02.2020 പ്രകാരം നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും കെ.എസ്.ഐ.ഡി.സിയിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**